**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** **15-03-2022 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. വ്യവസ്ഥ ലംഘിച്ച് പ്രൊഫസർ പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വീസിലുള്ളവരെ മാത്രമേ പ്രൊഫസർ പദവിക്ക് പരിഗണിക്കാവൂ എന്ന യു.ജി.സി. വ്യവസ്ഥ ലംഘിച്ച് സർവ്വീസിൽ നിന്നും വിരമിച്ചവർക്കുകൂടി പ്രൊഫസർ പദവി നൽകാൻ കോഴിക്കോട് സർവകലാശാല തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | അർഹരായ അധ്യാപകർക്ക് 18.07.2018ൽ വിജ്ഞാപനം ചെയ്ത 2018 യു.ജി.സി റെഗുലേഷൻ പ്രകാരം ലഭിക്കേണ്ട പ്ലേയ്സ്മെന്റ്/പ്രമോഷൻ ലഭ്യമാക്കുന്നതിനായി, അവർ റിട്ടയർ അഥവാ വിട്ടുതൽ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പ്രൊമോഷനായുള്ള പ്രൊപ്പോസലുകൾ, അവർക്ക് പ്രൊമോഷൻ ലഭ്യമാകേണ്ടുന്ന തിയതിയിൽ ഏതു കോളേജിലെ റോളിലാണോ ഉണ്ടായിരുന്നത് അവിടുന്നു തന്നെയാണ് സെലക്ഷൻ പ്രക്രിയകകൾ പൂർത്തിയാക്കേണ്ടത് എന്നു നിർദ്ദേശിക്കുന്ന പൊതു നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 18/01/2022 തിയതിയിലെ U.O.1335/2022/Admn എന്ന ഉത്തരവ് പ്രൊഫസർ പദവിയിലേക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവ് യു.ജി.സി റെഗുലേഷനും ബന്ധപ്പെട്ട ഉത്തരവുകളും നടപ്പിൽ വരുത്തുന്നതിലുണ്ടായ താമസം മൂലം അർഹരായ അധ്യാപകർക്ക് പ്ലേയ്സ്മെന്റ്/ പ്രമോഷൻ നിഷേധിക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിലേക്കായി തയ്യാറാക്കിയിട്ടുള്ളതാണ്. മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ 2018ലെ യു.ജി.സി റെഗുലേഷനിലെയും ബന്ധപ്പെട്ട സർക്കാരുത്തരവുകളുടെയും വ്യവസ്ഥകൾ പരിഗണിച്ച് 18.07.2018 മുതൽ അർഹരായവർക്കു കൂടി ബാധകമാക്കി യിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത തീരുമാനത്തിൽ ചാൻസലർ വിശദീകരണം തേടിയിരുന്നോ; | (ബി) | മേൽ ഉത്തരവുമായി ബന്ധപ്പെട്ടുള്ള ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ബഹു.ചാൻസലർ കോഴിക്കോട് സർവ്വകലാശാലയുടെ വിശദീകരണം തേടിയിരുന്നു |
| (സി) | യു.ജി.സി. ചട്ടങ്ങൾക്ക് വിരുദ്ധമായ ഈ നടപടി പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ